**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
E-mail:vig.vacb@kerala.gov.in
**ഫോൺ നം. 0471-2305393**
**തീയതി 13.02.2024**

# "പണാപഹരണം നടത്തിയതിന് മുൻ പഞ്ചായത്ത് സെക്രട്ടറിയെ 10 വർഷം കഠിന തടവിന് ശിക്ഷിച്ചു."

കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമ പഞ്ചായത്തിലെ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീകുമാർ. ആർ. നെ പണാപഹരണം നടത്തിയ കേസ്സിൽ കോട്ടയം വിജിലൻസ് കോടതി 5 വകുപ്പുകളിലായി ഓരോ വകുപ്പിനും 2 വർഷം വീതം കഠിന തടവിനും ആകെ 95,000/- രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചു.

2008 ജൂൺ മുതൽ 2008 ആഗസ്റ്റ് വരെയുള്ള കാലഘട്ടത്തിൽ മുണ്ടക്കയം ഗ്രാമ പഞ്ചായത്തിലെ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീകുമാർ. ആർ, തൊഴിലുറപ്പ് പദ്ധതിക്കായി കൃഷി ഉപകരണങ്ങൾ പത്തനംതിട്ടയിലെ റീജിയണൽ ആഗ്രോ ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ഓഫ് കേരള ലിമിറ്റഡ് (റെയ്ഡ്കോ) യിൽ നിന്നും വാങ്ങിയതായി വ്യാജ രസീത് ഉപയോഗിച്ച് കൃത്രിമത്വം കാണിച്ച് ആകെ 75,822/-രൂപ പണാപഹരണം നടത്തി സർക്കാരിന് നഷ്ടം ഉണ്ടാക്കിയതിന് കോട്ടയം വിജിലൻസ് യൂണിറ്റ് രജിസ്റ്റർ ചെയ്ത്, അന്വേഷണം നടത്തി, കുറ്റപത്രം നൽകിയ കേസിലാണ് അഞ്ച് വകുപ്പുകളിലായി ഓരോ വകുപ്പിനും 2 വർഷം വീതം കഠിന തടവിനും, ആകെ 95,000/- രൂപ പിഴ ഒടുക്കുന്നതിനും പ്രതിയായ ശ്രീകുമാറിനെ ശിക്ഷിച്ചത്.

കോട്ടയം വിജിലൻസ് മുൻ ഡി.വൈ.എസ്.പി ശ്രീ. കൃഷ്ണ കുമാർ.പി രജിസ്റ്റർ ചെയ്ത കേസ്സിൽ കോട്ടയം വിജിലൻസ് ഇൻസ്പെക്ടർമാരായിരുന്ന ശ്രീ. അമ്മിണി കുട്ടൻ, ശ്രീ. കെ.എ.

രമേശൻ, ശ്രീ. ആർ. മധു, ശ്രീ. സജു വർഗ്ഗീസ് എന്നിവർ അന്വേഷണം നടത്തി കോട്ടയം വിജിലൻസ് ഡി.വൈ.എസ്.പി യായിരുന്ന ശ്രീ. എസ്. സുരേഷ് കുമാർ കുറ്റപത്രം സമർപ്പിച്ച കേസ്സിലാണ് പ്രതിയായ ശ്രീകുമാർ കുറ്റക്കാരനാണെന്ന് കോട്ടയം വിജിലൻസ് കോടതി കണ്ടെത്തിയത്. ശിക്ഷ ഒന്നിച്ച് അനുഭവിച്ചാൽ മതിയെന്നും വിധിന്യായത്തിൽ പറയുന്നു.

പ്രോസിക്യൂഷനുവേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. രാജ് മോഹൻ ആർ പിള്ള ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. ടി. കെ . വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.